**പൊതുവിദ്യാഭ്യാസവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**ഹയർസെക്കന്ററി വിഭാഗം**
**ഹൗസിംഗ് ബോർഡിംഗ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം**

**ഹാജർ : ജീവൻ ബാബു.കെ, ഐ.എ.എസ്.**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിഭാഗം - ജീവനക്കാര്യം - ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2021-22 അധ്യയന വർഷത്തെ പൊതുസ്ഥലംമാറ്റത്തിന് ശേഷമുള്ള ഒഴിവുകളിലേക്ക് അപേക്ഷകളുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉത്തരവ് നമ്പർ എഡി സി6/192430/2021/ഡി.ജി.ഇ** **തീയതി : 15/02/2023**

---

പരാമർശം : 1. 02/03/2019 ലെ സ.ഉ.(സാധാ) നമ്പർ 838/19/പൊ.വി.വ
2. 23/05/2022 ലെ ഇതേ നമ്പർ പൊതുസ്ഥലംമാറ്റ ഉത്തരവ്
3. ഒ.എ 1831/2022 ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 14/11/2022 തീയതിയിലെ ഉത്തരവ്
4. 13/01/2023 ലെ ഇതേ നമ്പർ സർക്കുലർ
5. 28/01/2023 ലെ ഇതേ നമ്പർ കരട് സ്ഥലംമാറ്റ പട്ടിക

**ഉത്തരവ്**

സംസ്ഥാനത്തെ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2021-22 അധ്യയന വർഷത്തെ പൊതുസ്ഥലംമാറ്റം പരാമർശം (2) ഉത്തരവ് പ്രകാരം നടപ്പാക്കിയിരുന്നു. പരാമർശം (1) ലെ ട്രാൻസ്ഫർ നോംസിൽ പൊതുസ്ഥലംമാറ്റത്തിനുശേഷം നിലനിൽക്കുന്ന ഒഴിവുകളിലേക്ക് മൂന്നു വർഷം പൂർത്തിയാകാത്തവർ ഉൾപ്പെടെ എല്ലാ ഹയർസെക്കന്ററി അദ്ധ്യാപകർക്കും അപേക്ഷിക്കാവുന്നതാണെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. 2021-2022 ലെ പൊതുസ്ഥലംമാറ്റത്തിനുശേഷമുള്ള ഒഴിവുകളിലേക്കുള്ള സ്ഥലംമാറ്റം മൂന്ന് ആഴ്ചകൾക്കകം നടത്തുവാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (3) ഉത്തരവിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റത്തിനുശേഷം നിലവിലുള്ള ഒഴിവുകളിലേക്ക് അദ്ധ്യാപകരിൽ നിന്നും ട്രാൻസ്ഫർ അപേക്ഷകൾ ഓൺലൈൻ ആയി 16/01/2023 മുതൽ 21/01/2023 വരെ (വൈകിട്ട് 5 മണിവരെ) dhsetransfer site മുഖേന പരാമർശം (4) പ്രകാരം ക്ഷണിച്ചിരുന്നു. പ്രിൻസിപ്പൽമാർ മുഖേന ലഭ്യമായ അപേക്ഷകൾ പരിഗണിച്ച് 23/05/2022 ലെ പൊതുസ്ഥലംമാറ്റ ഉത്തരവിന് ശേഷമുള്ള ഒഴിവുകളിലേക്കുള്ള സ്ഥലംമാറ്റത്തിന്റെ പ്രൊവിഷണൽ ലിസ്റ്റ് പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2. 29/01/2021 ലെ ജി.ഒ (ആർ.റ്റി) 820/2021/പൊ.വി.വ സർക്കാർ ഉത്തരവ് കൂടി പരിഗണിച്ച് കണ്ണൂർ, ചെറുവാഞ്ചേരി പി.ജി.എം, ഗവ.എച്ച്.എസ്.എസ്. (13140) ലെ എച്ച്.എസ്.എസ്.റ്റി.

മലയാളം അദ്ധ്യാപകനായ ശ്രീ.ഷാജഹാൻ.കെ. യുടെ സ്ഥലംമാറ്റ അപേക്ഷ ട്രാൻസ്ഫറിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മതിയായ വിദ്യാർത്ഥികളുടെ അഭാവത്താൽ കൊല്ലം, എടത്തറ ഗവ.എച്ച്.എസ്.എസ്. ലെ ഹിസ്റ്ററി, ജ്യോഗ്രഫി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ് എന്നീ വിഷയങ്ങളിലെ ജൂനിയർ തസ്തികകൾ ബന്ധപ്പെട്ട പ്രിൻസിപ്പലിന്റെ അപേക്ഷ പരിഗണിച്ച് സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

3. 2021-22 ലെ പൊതുസ്ഥലംമാറ്റത്തിന് ശേഷം നിലവിലുണ്ടായിരുന്ന ഒഴിവുകളിലേക്ക് നടത്തുന്ന ട്രാൻസ്ഫർ സംബന്ധിച്ച ഫയൽ ചെയ്ത OA (EKM) 1906/2022, OA 210/2023, OA 185/2023, OA 213/2023 എന്നീ കേസുകളിൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കികൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ dhse portal ൽ publish ചെയ്തിട്ടുള്ളതാണ്.

4. ഈ സാഹചര്യത്തിൽ പരാമർശം (5) കരട് സ്ഥലംമാറ്റ ലിസ്റ്റിലെ അപാകതകളും, ആക്ഷേപങ്ങളും പരിഹരിച്ച് പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തൽ ഗവ. ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2021-22 ലെ പൊതുസ്ഥലംമാറ്റത്തിനു ശേഷം നിലവിലുണ്ടായിരുന്ന ഒഴിവുകളിലേക്കുള്ള ട്രാൻസ്ഫർ ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ നടപ്പാക്കി ഉത്തരവാകുന്നു. ഇപ്രകാരം സ്ഥലംമാറ്റം ലഭിക്കുന്ന എല്ലാ അദ്ധ്യാപകരുടെയും സ്റ്റാറ്റസ് കണ്ടീഷണലായി dhsetransfer site ൽ update ചെയ്യുന്നതാണ്.

5. ബന്ധപ്പെട്ട അദ്ധ്യാപകർ ഈ സ്ഥലംമാറ്റ ഉത്തരവും ലിസ്റ്റും site ൽ നിന്നും download ചെയ്ത് സ്ഥലംമാറ്റം ലഭിച്ച സ്കൂളുകളിൽ ഉത്തരവ് തീയതി മുതൽ ഉടൻ പ്രാബല്യത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. നിലവിൽ പരീക്ഷാ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടവർ പുതിയ സ്കൂളിൽ ജോലിയിൽ പ്രവേശിച്ചശേഷം മുൻ നിശ്ചയപ്രകാരമുള്ള പരീക്ഷാഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട സ്കൂളുകളിൽ നിർബന്ധമായും ഹാജരാകേണ്ടതുമാണ്.

6. മേൽപ്പറഞ്ഞപ്രകാരം പരാമർശം (3) ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

ഒപ്പ്/-
**ജീവൻ ബാബു.കെ, ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**പകർപ്പ്**

1. ബന്ധപ്പെട്ട അദ്ധ്യാപകർക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർക്ക്
3. അഡ്വക്കേറ്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
4. സെക്രട്ടറി, പൊതുവിദ്യാഭ്യാസ (സി) വകുപ്പ്
5. കരുതൽ ഫയൽ/അധികം

ആജ്ഞാനുസരണം

സൂപ്രണ്ട്

La